പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നമ്പർ. 1019

30-09-2016 ൽ മറുപടിക്ക്

## കീഴ്‌പേരൂർ വാട്ടർഷെഡിന്റെ നിർമ്മാണ പ്രവർത്തനം

ചോദ്യം
ശ്രീ.ബി. സത്യൻ

മറുപടി
ശ്രീ.വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | |
|---|---|---|
| എ) കിളിമാനൂർ ബ്ലോക്ക് പഞ്ചായത്തിലുൾപ്പെട്ട കീഴ്‌പേരൂർ വാട്ടർ ഷെഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (എ) | കിളിമാനൂർ ബ്ലോക്ക് പഞ്ചായത്തിലെ നഗരൂർ, കിളിമാനൂർ, മടവൂർ എന്നീ ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ ഉൾപ്പെട്ട കീഴ്‌പേരൂർ വാട്ടർഷെഡ് പദ്ധതി 07-06-2016-ന് ആരംഭിക്കുകയും പദ്ധതി പ്രവർത്തനങ്ങൾ നടന്നുവരുകയും ചെയ്യുന്നു. 57.21 ഹെക്ടർ പ്രദേശത്ത് 23.46 ലക്ഷം രൂപ ചെലവഴിച്ച് 17843.97 സ്ക്വയർ മീറ്റർ കല്ല് കയ്യാല നിർമ്മാണമാണ് നാളിതുവരെ നടപ്പിലാക്കിയിട്ടുള്ളത്. |
| ബി) ഇതിലേക്കായി ഏത് ഫണ്ടാണ് വിനിയോഗിക്കുന്നതെന്നും എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്നും ഏതെല്ലാം തരത്തിലുള്ള പ്രവൃത്തികളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നും പ്രസ്തുത പദ്ധതി എപ്പോൾ പൂർത്തീകരിക്കുമെന്നും വിശദമാക്കാമോ ? | (ബി) | ടി പ്രവൃത്തികൾ നബാർഡിന്റെ ആർ.ഐ.ഡി.എഫ് പദ്ധതിയുടെ 21-ാം ഘട്ടത്തിൽ ഉൾപ്പെടുത്തി 245.7 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>കൃഷി ഭൂമിയിലെ പ്രവർത്തനങ്ങളായ കല്ലുകയ്യാല നിർമ്മാണം, പുല്ലുവച്ചു പിടിപ്പിക്കൽ, റബ്ബറിനു തടം ഒരുക്കൽ, മൺകയ്യാല, മഴക്കുഴികൾ എന്നിവയും നീർച്ചാലുകളുടെ സംരക്ഷണഭിത്തി, ചെറുതടയണ, ചെറുകുളങ്ങൾ, റിങ്ങ്പോണ്ടുകൾ, റാമ്പുകൾ, കർഷക പരിശീലനം എന്നീ പ്രവൃത്തികളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ അംഗീകാരം നൽകിയിട്ടുള്ളത്. ഈ പദ്ധതി മാർച്ച് 2019 നുള്ളിൽ പൂർത്തീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ